# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 351 - 27/02/2018 -ലെ മറുപടിക്ക്

### സംസ്ഥാനത്തിന്റെ ധന വരുമാനം

ചോദ്യം

ശ്രീ.പി. ഉണ്ണി

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

<table>
<tr><th colspan="2">ചോദ്യം</th><th>ഉത്തരം</th></tr>
<tr><td>എ</td><td>2015-2016 വർഷത്തെ അപേക്ഷിച്ച് 2016-2017 വർഷത്തിൽ സംസ്ഥാനത്തിന്റെ ധന വരുമാനത്തിന്റെ വർദ്ധന സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;</td><td>2015-16, 2016-17 വർഷത്തെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br>(കോടിയിൽ)
<table>
<tr><th></th><th>2015-16</th><th>2016-17</th><th>വളർച്ചാ നിരക്ക്</th></tr>
<tr><td>റവന്യൂ വരുമാനം</td><td>69032.66</td><td>75611.72</td><td>9.53</td></tr>
</table>
</td></tr>
<tr><td>ബി</td><td>സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;</td><td>സർക്കാരിന്റെ റവന്യൂ വരുമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടു വരികയാണ്. ജി.എസ്.ടി -യുടെ ഭാഗമായി ഇ-വേ ബിൽ സമ്പ്രദായം ആവിഷ്കരിച്ചിട്ടുണ്ട്. ഇത് ഫലപ്രദമായി നടപ്പാക്കുന്നതു വഴി ജി.എസ്.ടി -യിൽ നിന്നുള്ള വരുമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>എക്സൈസ്, രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി, മോട്ടോർ വാഹന നികുതി തുടങ്ങിയ ഇനങ്ങളിൽ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് നികുതി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നിലവിലുള്ള നികുതി സമാഹരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാരിലേയ്ക്കുള്ള പണമൊടുക്കലും സർക്കാരിൽ നിന്നുള്ള പണവിതരണവും ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള ഇ-ട്രഷറി സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു..</td></tr>
</table>

| | | |
|---|---|---|
| സി | ദേശീയ വരുമാനത്തിന്റെ വളർച്ച യുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാന ധനവരുമാനത്തിന്റെ വളർച്ച 2016-2017 ൽ എത്രയാണെന്ന് ശതമാനകണക്കിൽ വിശദമാക്കാമോ? | 2016-17 സാമ്പത്തിക വർഷത്തിൽ ജി.ഡി.പി. -യുടെ വളർച്ചാ നിരക്കായ 7.1 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ ജി.എസ്.ഡി.പി 2016-17 സാമ്പത്തിക വർഷത്തിൽ 7.41 ശതമാനം വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്.. |

സെക്ഷൻ ഓഫീസർ